# ' നിറവ് 2025 '

## തോടന്നൂർ ഉപജില്ലാ യു എസ് എസ് പരിപോഷണ പദ്ധതി

## യു. എസ് . എസ് . മാതൃക പരീക്ഷ- 2

**സെറ്റ് 2** 22/01/2025 **PAPER.1** സമയം : 2 മണിക്കൂർ

### പാർട്ട് എ - കേരള പാഠാവലി ( AT)

1. എൻ. എ നസീറിന്റെ ഏത് ഗ്രന്ഥത്തിൽ നിന്നെടുത്തതാണ് പ്രപഞ്ചം മുഴുവൻ പൂമ്പാറ്റകൾ എന്ന ലേഖന ഭാഗം?

a.കാടിനെ ചെന്ന് തൊടുമ്പോൾ b.കാട്ടിലെ വഴികൾ

c.കാട് ഒരു സംഗീതം d.കാട്ടിലെ വിസ്മയങ്ങൾ

2. തൈജസ കീടം എന്ന വാക്കിൻറെ അർത്ഥം?

a.കരിവണ്ട് b.ചിത്രശലഭം c.മിന്നാമിനുങ്ങ് d.ചെറുപ്രാണികൾ

3. താഴെക്കൊടുത്ത പദങ്ങളിൽ ഇടരൂപങ്ങൾ വരാത്ത പദം ഏത്?

a.കിനാവിന്റെ b.പക്ഷങ്ങൾ c.ഇരുട്ടിൽ d.അച്ഛനോട്

4. a. എന്റെയുള്ളിൽ പതഞ്ഞു പൊന്തുന്ന മുന്തിരി നീരിനെ ന്തൊരു വീര്യം.

b.കാലമാം മഹാമിഥ്യയെ വന്ന കാൺമൂ കാണാത്ത തീരങ്ങൾ മുന്നിൽ .

c.ചുറ്റുപാടിന്റെ ചൂടിൽ വളർന്നിട്ടും മുറ്റമെന്റെ വികസ്വര ജീവിതം.

d.നടന്നു നടന്നേറെ തളർന്നും തളർന്നു തെല്ലിരുന്നും...

മുകളിൽ കൊടുത്ത വരികളിൽ ഒ.എൻ.വി യുടേത് അല്ലാത്തതേത് ?

5. മൃദു മന്ത്രണം എന്ന പദം വികസിപ്പിച്ചാൽ ?

a.മൃദുവായ മന്ത്രണം b.മൃദുവാലുള്ള മന്ത്രണം c.മൃദുവിലുള്ള മന്ത്രണം d.മൃദുവും മന്ത്രണവും

6.താഴെ പറയുന്നവയിൽ കെ.രവീന്ദ്രന്റെ യാത്രാവിവരണം ഏത്?

a.എൻ്റെ കേരളം b.കഥയുറങ്ങുന്ന വഴിയിലൂടെ c.യാത്ര d.കഥ പോലെ ജീവിതം

7. എനിക്കതിൽ നിന്ന് കരകയറണമെന്ന ആഗ്രഹം ലവലേശം ഇല്ലായിരുന്നു. "ലവലേശം " എന്ന പദത്തിൻറെ അർത്ഥം?

a.കുറച്ചു മാത്രം b.അല്പം പോലും c.അല്പം d.ഒരുപാട്

8. ഒ.എൻ.വിയുടെ ആദ്യ തൂലികാനാമം എന്ത് ?

a.പ്രഭ b.ബാലമുരളി c.പവനൻ d.വാനമ്പാടി

9."ഈ വല്ലിയിൽ നിന്നു ചെമ്മേ പൂക്കൾ പോകുന്നിതാ പറന്നമ്മേ

തെറ്റി നിനക്കുണ്ണി ചൊല്ലാം നൽപ്പൂ - മ്പാറ്റകളല്ലേയിതെല്ലാം " ഇത് ആരുടെ വരികൾ?

a.ആശാൻ b.ഉള്ളൂർ c.ഒ.എൻ.വി d.സുഗതകുമാരി

10. സംവിധായകൻ ശ്യാമപ്രസാദിന്റെ അഗ്നിസാക്ഷി എന്ന സിനിമ ആരുടെ നോവലിനെ അടിസ്ഥാനമാക്കിയുള്ളതാണ് ?

a.എം ടി വാസുദേവൻ നായർ b.കെ. രവീന്ദ്രൻ c.ലളിതാംബിക അന്തർജനം d.തകഴി

11. ശരിയായ പദം തെരഞ്ഞെടുത്തെ ഴുതുക?

a.മിദ്യ b.മിഥ്യ c.മിത്യ d.മിധ്യ

12.തെറ്റായ ജോഡി ഏത്?

a.മാണിക്യക്കല്ല് _എം.ടി വാസുദേവൻ നായർ b.ഓറഞ്ച് കട്ടി_ പൊൻകുന്നം വർക്കി

c.മാണിക്യൻ_ ലളിതാംബിക അന്തർജനം d.ചേക്കുട്ടി _സേതു

13. താഴെ കൊടുത്തവയിൽ കൂട്ടത്തിൽ പെടാത്തത് ഏത്?

a.നക്ഷത്രം b.താരകം c.ഉഡു d.നഭസ്സ്

14.താഴെ കൊടുത്ത പദാവലിയിൽ നിഘണ്ടു ക്രമത്തിൽ ശരിയായി എഴുതിയ കൂട്ടം ഏത്?

a.ചിമ്മുക ,ചിണുങ്ങുക, കിനാവ്, കാന b.കാന ,കിനാവ്, ചിണുങ്ങുക, ചിമ്മുക

c.കിനാവ് ,കാന, ചിമ്മുക ,ചിണുങ്ങുക d.കാന, കിനാവ്, ചിമ്മുക , ചിണുങ്ങുക.

15.കിനാവിന്റെ ചിറകുകൾ....... അവൻ ഉയർന്നു. ഇവിടെ ചേർക്കാവുന്ന ഉചിതമായ പ്രയോഗം ?

a.പാറി പാറി b.വീശി വീശി c.ഇളക്കി ഇളക്കി d.പൊക്കി പൊക്കി

## പാർട്ട് ബി - അടിസ്ഥാനപാഠാവലി (BT )

16. പോയി + ഇല്ല = പോയില്ല . ഇതിലെ സന്ധി ഏത്?

a.ദിത്വസന്ധി b.ആഗമസന്ധി c.ലോപസന്ധി d.ആദേശസന്ധി

17. സൂചനകളിൽ നിന്നും എഴുത്തുകാരനെ തിരിച്ചറിയുക.

- കേരള ഹെമിങ് വേ , തിരക്കഥാകൃത്ത് , സംവിധായകൻ എനിങ്ങനെ അറിയപ്പെടുന്നു.
- അടുത്തിടെ മരണപ്പെട്ട ജ്ഞാനപീഠ ജേതാവ്.
- നിളയുടെ കഥാകാരൻ.

a.ടി.പത്മനാഭൻ b.തകഴി c.ഒ.എൻ.വി d.എം.ടി

18..താഴെ കൊടുത്തവയിൽ സുഗതകുമാരിയുടെ കൃതിയല്ലാത്തതേത് ?

a.രാത്രിമഴ b.അമ്പലമണി c.മുത്തുച്ചിപ്പി d.നെയ്പ്പായസം.

19. പാനശീലവും ത്യജിച്ചു റങ്ങുമ്പോൾ അടിവരയിട്ട പദത്തിന്റെ അർത്ഥമെന്ത് ?

a.ഉപേക്ഷിക്കുക b.മറന്ന് c.ഇല്ലാതെ d.കണ്ട്

20. കേരള ഫോക്‌ലോർ അക്കാദമി ഏത് ജില്ലയിലാണ്.

a.തൃശ്ശൂർ b.കണ്ണൂർ c.വയനാട് d.കോഴിക്കോട്

21. "ഒരു കൈ നോക്കുക" എന്ന ശൈലി കൊണ്ട് അർത്ഥമാക്കുന്നതെന്ത്?

a.ശ്രമിക്കുക b.ഭാവി പറയുക c.അധ്വാനിക്കുക d.തയ്യാറാവുക

22. 2024 ലെ വയലാർ അവാർഡ് ലഭിച്ചതാർക്ക് ?

a.റഫീഖ് അഹമ്മദ് b.സേതു c.അശോകൻ ചരുവിൽ d.എൻ.എസ്.മാധവൻ

23.താഴെ പറയുന്നവയിൽ "പൂവ് "എന്നർത്ഥം വരുന്ന പദമേത്?

a.താരം b.താര് c.താരകം d.താര

24. കേരളത്തിലെ ഏറ്റവും വലിയ സാഹിത്യ അവാർഡ് ഏത്?

a.ഓടക്കുഴൽ അവാർഡ് b.എഴുത്തച്ഛൻ പുരസ്കാരം c.വയലാർ അവാർഡ് d.വള്ളത്തോൾ അവാർഡ്

25. താഴെപ്പറയുന്നവയിൽ കുരീപ്പുഴ ശ്രീകുമാറിന്റെ കൃതിയല്ലാത്തതേത്?

a.പിണങ്ങുണ്ണി b.അമ്മ മലയാളം c.കീഴാളൻ d.വാക്ക്

26. പാട്ട് ഇണ്ട് പയ്യെ ഇണ്ട് . അടിവരയിട്ട വാക്കിന്റെ അർത്ഥമെന്ത്?

a.പഴമ b.ഭാഷ c.കവിത d.കഥ

27. 2020 ലെ മികച്ച ഗായികയ്ക്കുള്ള ദേശീയ അവാർഡ് നേടിയ ഗോത്ര വിഭാഗത്തിൽ നിന്നും വന്ന കലാകാരി ആര്?

a.നഞ്ചിയമ്മ b.മയിലമ്മ c.മിന്നുമണി d.മാലതി

28. തെറ്റായ ജോഡി കണ്ടെത്തുക.

a. ഗ്രാമശ്രീകൾ - കടത്തനാട്ട് മാധവിയമ്മ b.കുമ്മാട്ടി- രാഘവൻ പയ്യനാട്

c.ഫാത്തിമത്തുരുത്ത് - കുരീപ്പുഴ ശ്രീകുമാർ d.വിത്തെന്ന മഹാത്ഭുതം - ചെറുവയൽ രാമൻ

29. മഹാഭാരതത്തിലെ അധ്യായങ്ങൾക്ക് പറയുന്ന പേര്?


a.കാണ്ഡം b.പർവ്വം c.അധ്യായം d.ഏട്

30.തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല സ്ഥിതി ചെയ്യുന്നതേത് ജില്ലയിൽ?

a.തിരുവനന്തപുരം b.കോഴിക്കോട് c.മലപ്പുറം d.തൃശ്ശൂർ

## <u>പാർട്ട് സി . ഗണിതം</u>

31. ചിത്രത്തിൽ ABCD എന്ന ചതുരത്തിനുള്ളിൽ വരച്ച സമഭുജ ത്രികോണമാണ് APD എങ്കിൽ < PDC എത്ര?




a. 20° | b. 30° | c. 60° | d. 80°

32. 11¼ മീറ്റർ വശമുള്ള ഒരു സമചതുരത്തിൽ നിന്നും 2¼ മീറ്റർ വശമുള്ള എത്ര സമചതുരങ്ങൾ മുറിച്ചെടുക്കാം

a. 5 | b. 10 | c. 20 | d. 25

33. ക്ലോക്കിൽ 4 മണി കഴിഞ്ഞ് 20 മിനിറ്റാകുമ്പോൾ മണിക്കൂർ, മിനിറ്റ് സൂചികൾ ഉണ്ടാക്കുന്ന കോണളവ് എത്ര ?

a. 10° | b. 20° | c. 60° | d. 70°

34. ഒരു വർഷത്തിലെ മാർച്ച് മാസത്തിൽ 5 ഞായറാഴ്ച്ചകളും 4 തിങ്കളാഴ്ച്ചകളും ഉണ്ട് എങ്കിൽ ആ വർഷത്തിലെ ഏപ്രിൽ 1 ഏത് ദിവസം?

a. ശനി | b. ഞായർ | c. തിങ്കൾ | d. ചൊവ്വ

35. 0.001 ന്റെ പകുതിയോട് 0.001 ന്റെ 5 മടങ്ങ് കൂട്ടിയാൽ കിട്ടുന്ന സംഖ്യ ഏത്?

a. 0.0055 | b. 0.0505 | c. 0.5005 | d. 0.5500

36. 2¾kg അരിയുടെ കൂടെ ½kg ഉഴുന്ന ചേർത്ത് ഇഡലി ഉണ്ടാക്കുന്നു ഇവിടെ ഇഡലിയിൽ ഉഴുന്നിന്റെയും അരിയുടെയും അളവുകൾ തമ്മിലുള്ള ബന്ധം ഏത്?

a. 11:1 | b. 2:11 | c. 11:2 | d. 11:4

37. 1- (½+¼+⅛+1/16+1/32+1/64)=?

a. 1 | b. 1/48 | c. ½ | d. 1/64

38. ഒരു ത്രികോണത്തിലെ മൂന്നു കോണുകളുടെ അളവുകൾ 14x,13x,13x എന്നിങ്ങനെയായാൽ ഏറ്റവും വലിയ കോണിന്റെ അളവ് എത്ര?

a. 73° | b. 63° | c. 65° | d. 60°

39. 7.5 [(22.36+27.64) - (36.57+3.43)]

a. 10 | b. 75 | c. 100 | d. 750

40. ഒരു രേഖീയ ജോടിയിലെ കോണുകൾ 2:1 എന്ന അംശബന്ധത്തിലാണ് ഇവയിൽ ചെറിയ കോണിന്റെ അളവെത്ര?

a. 60° | b. 90° | c. 120° | d. 180°

41. ഒരു ത്രികോണത്തിന്റെ വശങ്ങൾ യഥാക്രമം X cm, 8cm, 12cm ആണ് X ന് സ്വീകരിക്കാവുന്ന ഏറ്റവും വലിയ പൂർണസംഖ്യ വിലയെന്ത്?

a. 19 | b. 18 | c. 20 | d. 21

42. 7777**a** എന്ന അഞ്ചക്ക സംഖ്യ 9 ന്റെ ഗുണിതവും 832**b** നാലക്ക സംഖ്യ 11 ന്റെ ഗുണിതവുമായാൽ a×b എത്ര?

a. 9 | b. 15 | c. 56 | d. 65

43. 0.009÷9 ന്റെ വില എത്ര?

a. 0.0001 | b. 0.081 | c. 0.001 | d. 0.01

44. അപ്പുവിന്റെയും അമ്മുവിന്റെയും വയസുകൾ തമ്മിലുള്ള അംശബന്ധം 1:2 ആണ്. 15 വർഷങ്ങൾക്കു ശേഷം അവരുടെവയസുകൾ തമ്മിലുള്ള അംശബന്ധം 2:3 ആണെങ്കിൽ അമ്മുവിന്റെ ഇപ്പോഴത്തെ വയസ്സ് എത്ര?

a. 30 | b. 15 | c. 10 | d. 20

45. ഒരു ലിറ്റർ പെട്രോളിന്റെ വില 110.12 രൂപയാണ് 2.5 ലിറ്റർ പെട്രോളിന്റെ വില എത്ര?

a. 27.52 രൂപ b. 275.3 രൂപ c. 2753 രൂപ d. 275.50 രൂപ

46. അനിലും സുനിലും ഒരു തുക 2:3 എന്ന അംശബന്ധത്തിൽ വീതിച്ചപ്പോൾ സുനിലിനു 400 രൂപ കൂടുതൽ കിട്ടി. ഓരോരുത്തർക്കും എത്ര രൂപ വീതം കിട്ടി?

a. 4000,6000 b. 8000,12000 c. 2000,2000 d. 3000,6000

47. $1.8 \times 3.6 \div 0.09 = ?$

a. 9 b. 0.9 c. 7.2 d. 72

48. താഴെക്കൊടുത്ത അംശബന്ധങ്ങൾ ഒരു ത്രികോണത്തിലെ കോണുകൾ തമ്മിലുള്ള അംശബന്ധമാണ് . ഇതിൽ മട്ടത്രികോണത്തിന്റേതല്ലാത്തത് ഏതാണ്?

a. 1:1:2 b. 2:3:5 c. 3:6:7 d. 4:5:9

49. തുടർച്ചയായ 5 എണ്ണൽ സംഖ്യകളുടെ തുക 5x+10 ആയാൽ അവയിൽ മധ്യ സംഖ്യ ഏത്?

a. x+1 b. (x+2) c. x+3 d. (x+4)

50. താഴെ കൊടുത്തിരിക്കുന്നവയിൽ ഒറ്റസംഖ്യ അല്ലാത്തത് ഏത്?

a. $3^3$ b. $3^3 + 3$ c. $3^3 + 3^3 + 3$ d. $3^3 - 3$